പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 60

# 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

1512/2021.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 60

# 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 60

# 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി
ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്റ്റ് (1987-ലെ 34) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2021 ഫെബ്രുവരി 17-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 4-ാം വകുപ്പിന്റെ ഭേദഗതി.—1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ (1987-ലെ 34) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 4-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ "അഞ്ചു രൂപ" എന്ന വാക്കുകൾക്കു പകരം "ഇരുപത് രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (3)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ട താണ്, അതായത്:—

" (3) കയർ തൊഴിലാളികളും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും അടയ്ക്കുന്ന തുകയുടെ അൻപത് ശതമാനത്തിന് തുല്യമായ ഒരു തുക പ്രതിശീർഷം പത്തു രൂപ പ്രതിമാസം എന്നതിന് വിധേയമായി, സർക്കാർ ഓരോ വർഷവും നിധിയിലേയ്ക്ക് ഗ്രാന്റായി നൽകേണ്ടതാണ്.".

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 135) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഓരോ കയർ തൊഴിലാളിയും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളും പ്രതിമാസം അഞ്ചു രൂപ നിധിയിലേയ്ക്ക് അടയ്ക്കേണ്ടതും, കയർ തൊഴിലാളിയുടെ അംശദായം നേരിട്ടോ അല്ലെങ്കിൽ തൊഴിലുടമ വഴിയോ കൊടുക്കേണ്ടതുമാണ്. പ്രസ്തുത വകുപ്പിന്റെ (3)-ാം ഉപവകുപ്പ് കയർ തൊഴിലാളികളും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും അടയ്ക്കുന്ന തുകയുടെ ഇരട്ടിയ്ക്ക് തുല്യമായ ഒരു തുക സർക്കാർ പ്രതിവർഷം നിധിയിലേയ്ക്ക് ഗ്രാന്റായി നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

2. നിധിയുടെ സാമ്പത്തിക സ്രോതസ്സ് വർദ്ധിപ്പിക്കുന്നതിലേയ്ക്കായി കയർ തൊഴിലാളിയും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും നിധിയിലേയ്ക്ക് അടയ്ക്കുന്ന തുക അഞ്ചു രൂപയിൽ നിന്നും ഇരുപത് രൂപയായി വർദ്ധിപ്പിക്കുന്നതിനായി കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യാൻ തീരുമാനിച്ചു. കയർ തൊഴിലാളികളും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും അടയ്ക്കുന്ന തുകയുടെ അൻപത് ശതമാനത്തിന് തുല്യമായ ഒരു തുക പ്രതിശീർഷം പത്തു രൂപ പ്രതിമാസം എന്നതിന് വിധേയമായി, സർക്കാർ ഓരോ വർഷവും നിധിയിലേയ്ക്ക് ഗ്രാന്റായി നൽകേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നതിനായി പ്രസ്തുത ആക്റ്റിന്റെ 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യുന്നതിനും ഈ ബിൽ ഉദ്ദേശിക്കുന്നു.

3. ഈ വിഷയം സംബന്ധിച്ച സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനാലാം കേരള നിയമസഭയുടെ ബിൽ നമ്പർ 240 ആയി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും, ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

4. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് 2021 ഫെബ്രുവരി 17-ാം തീയതി

കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ഫെബ്രുവരി 17-ാം തീയതിയിലെ 797-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 37-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ കേരള നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

6. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് 2021 ജൂലൈ 1-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ജൂലൈ 2-ാം തീയതിയിലെ 1932-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 76-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ കേരള നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

8. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് 2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ആഗസ്റ്റ് 24-ാം തീയതിയിലെ 2458-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 135-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

9. 2021-ലെ 135-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പി. രാജീവ്

(ശരി തർജ്ജമ)

# 1987-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ (1987-ലെ 34) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

4. നിധിയിൽ അടയ്ക്കേണ്ടതായ അംശദായം.—(1) ഓരോ കയർ തൊഴിലാളിയും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളും പ്രതിമാസം അഞ്ചു രൂപ നിധിയിലേയ്ക്ക് അടയ്ക്കേണ്ടതും, കയർ തൊഴിലാളിയുടെ അംശദായം നേരിട്ടോ അല്ലെങ്കിൽ തൊഴിലുടമ വഴിയോ കൊടുക്കേണ്ടതുമാണ്:

എന്നാൽ, 1997 സെപ്റ്റംബർ 30-ാം തീയതിക്ക് മുൻപ് നിധിയിൽ അംഗമായിട്ടില്ലാത്ത ഒരു കയർ തൊഴിലാളിയോ, സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളോ, അയാൾ അംഗമായിരുന്നെങ്കിൽ 1997 സെപ്റ്റംബർ 30-ാം തീയതിക്കു മുൻപ് വരെയുള്ള കാലയളവിലേക്ക് അയാൾ നൽകേണ്ടതായ അംശദായത്തിനു തുല്യമായ ഒരു തുക ഒൻപത് മാസക്കാലത്തിനകം നിധിയിലേക്ക് അടയ്ക്കുന്നപക്ഷം നിധിയിലെ ഒരു അംഗമായി തീരുന്നതാണ്:

എന്നുമാത്രമല്ല, 1997 സെപ്റ്റംബർ 30-ാം തീയതിക്ക് മുൻപുള്ള ഏതെങ്കിലും കാലയളവിലേക്ക് ഒരംഗം കൊടുക്കേണ്ടതായി എന്തെങ്കിലും അംശദായ കുടിശ്ശിക ഉണ്ടെങ്കിൽ, അങ്ങനെയുള്ള തുക, 1998 സെപ്റ്റംബർ 30-ാം തീയതിക്ക് മുൻപ് അടയ്ക്കുകയാണെങ്കിൽ പലിശയും പിഴയും ഇല്ലാതെ അടയ്ക്കുവാൻ ആ അംഗത്തിനെ അനുവദിക്കുന്നതാണ്.

** ** ** **

(3) കയർത്തൊഴിലാളികളും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും അടയ്ക്കുന്ന തുകയുടെ ഇരട്ടിക്ക് തുല്യമായ ഒരു തുക സർക്കാർ പ്രതിവർഷം നിധിയിലേക്ക് ഗ്രാന്റായി നൽകേണ്ടതാണ്.

** ** ** **

7. എന്നാൽ ഈ ആക്റ്റുപ്രകാരം നൽകേണ്ടതായ അംശദായത്തുക ഒരു രൂപയുടെ ഭിന്നമായി വരുന്നിടത്ത് അതിന്റെ തൊട്ടടുത്ത രൂപയായി അങ്ങനെയുള്ള ഭിന്നത്തെ ക്രമപ്പെടുത്താൻ പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്.

** ** ** **

---